# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *143 12.06.2019 -ലെ മറുപടിയ്ക്ക്**

## സർവ്വകലാശാലകളുടെ റാങ്കിംഗ് മെച്ചപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. അനൂപ് ജേക്കബ്<br>ശ്രീ. അൻവർ സാദത്ത് | **ഡോ.കെ.ടി.ജലീൽ**<br>(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി ) |

| | | | |
|---|---|---|---|
| (എ) | അടിസ്ഥാന സൗകര്യങ്ങളിലും മറ്റും ഏറെ മുന്നിലാണെങ്കിലും രാജ്യത്തെ ഇതര സർവ്വകലാശാലകളുമായി താരതമ്യപ്പെടുത്തുമ്പോൾ സംസ്ഥാനത്തെ സർവ്വകലാശാലകളുടെ സ്ഥാനം വളരെ പിന്നിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | ഇല്ല.<br>ഇന്ത്യയിൽ 900 ത്തിൽ പരം സർവ്വകലാശാലകൾ/സർവ്വകലാശാല തുല്യ സ്ഥാപനങ്ങൾ ആണുള്ളത്. കേരളത്തിലെ സ്റ്റേറ്റ് യൂണിവേഴ്സിറ്റികളുടെ എണ്ണം 13 ആണ്. ഇതിൽ നാല് സർവ്വകലാശാലകൾ നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്കിൽ 100 - ൽ താഴെയുള്ള റാങ്ക് ലഭിച്ചിട്ടുള്ള സർവ്വകലാശാലകളാണ്. കേരള (22 - ാം സ്ഥാനം), മഹാത്മാഗാന്ധി (30-ാം സ്ഥാനം), കുസാറ്റ് (65 - ാം സ്ഥാനം) കാലിക്കട്ട് (64 - ാം സ്ഥാനം) എന്നിവയാണ് ആ സർവ്വകലാശാലകൾ കൂടാതെ, കേരള, മഹാത്മാഗാന്ധി, കണ്ണൂർ, കാലിക്കട്ട്, |
| (ബി) | മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് അക്കാഡമിക് മികവും നല്ല പഠനാന്തരീക്ഷവുമുള്ള സംസ്ഥാനം കേരളമാണെന്നിരിക്കെ നമ്മുടെ സർവ്വകലാശാലകൾ റാങ്കിംഗിൽ പുറകോട്ട് പോകുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | കുസാറ്റ്, സംസ്കൃത എന്നീ ആറ് സർവ്വകലാശാലകൾക്ക് NAAC ഗ്രെയ്ഡും ലഭിച്ചിട്ടുണ്ട്. |
| (സി) | ഉന്നതവിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തുന്നതിന് ഉതകുന്ന എന്തൊക്കെ കാര്യങ്ങളാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കമോ? | (സി) | കിഫ്ബി ധന സഹായത്തോടെ സംസ്ഥാനത്തെ സർവ്വകലാ ശാലകളെ അന്താരാഷ്ട്ര തലത്തിൽ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള ഒരു കർമ്മ പദ്ധതി സർക്കാർ ആവിഷ്കരിച്ച് വരികയാണ്. അന്താരാഷ്ട്ര നിലവാരത്തിലുള്ള ലാബ്, ലൈബ്രറിയുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനമാണ് ലക്ഷ്യ മിടുന്നത്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയ്ക്ക് 240.9 കോടി രൂപയുടെയും എം.ജി. സർവ്വകലാ ശാലയ്ക്ക് 132.75 കോടി രൂപയുടെയും, കാലിക്കറ്റ് സർവ്വകലാശാലയ്ക്ക് 150 കോടി രൂപയുടെയും കണ്ണൂർ സർവ്വകലാശാലയ്ക്ക് 150 കോടി രൂപയുടെയും പദ്ധതിയ്ക്ക് അനുമതി നൽകി കഴിഞ്ഞു മറ്റ് സർവ്വകലാശാലകളുടെ പദ്ധതി രൂപരേഖ സർക്കാർ പരിശോധിച്ച് വരുന്നു കേരള, എം.ജി., കാലിക്കറ്റ്, കണ്ണൂർ, കുസാറ്റ്, മലയാളം സർവ്വകലാ ശാലകളെ ബന്ധിപ്പിച്ചുകൊണ്ട് ഒരു ഇ ഗവേണൻസ് പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. എറുഡൈറ്റ് പദ്ധതി, അക്കാദമിക വോളന്റിയർ ബാങ്ക്, ഓൾ കേരള ഹയർ |

| | | | |
|---|---|---|---|
| | | | എഡ്യൂക്കേഷൻ സർവ്വേ, ബിരുദാനന്തര ബിരുദ വിദ്യാഭ്യാസ ത്തിന്റെ പുന:സംഘാടനം, ബ്രെയിൻ ഗെയിൻ സമീപനം, സ്റ്റേറ്റ് അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ സെന്റർ, ഔട്ട്കം ബെയ്സ്ഡ് എഡ്യൂക്കേഷനും ഗ്രാജ്വേറ്റ് ആട്രിബ്യൂ ട്ട്സിനും ഊന്നൽ നൽകിയുള്ള കരിക്കുലം പരിഷ്കരണ പദ്ധതികൾ തുടങ്ങിവ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനായി ആവിഷ്കരിച്ചിട്ടുണ്ട്. സർവ്വകലാശാലകളിലും കോളേജുകളിലും റൂസ പദ്ധതി പ്രകാരം വിവിധ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.<br>ശതോത്തര വാർഷികം ആഘോഷിക്കുന്ന തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, എറണാകുളം മഹാരാജാസ് കോളേജ്, പാലക്കാട് വിക്ടോറിയ കോളേജ്, തലശ്ശേരി ബ്രണ്ണൻ കോളേജ്, തൃശ്ശൂർ കേരള വർമ്മ കോളേജ് എന്നീ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനു വേണ്ടി കിഫ്ബി മുഖേന 150 കോടി രൂപയുടെ പ്രത്യേക നിക്ഷേപ പാക്കേജിൽ ഉൾപ്പെടുത്തി ഉത്തരവാ യിട്ടുണ്ട്. കൂടാതെ 48 സർക്കാർ ആർട്സ് & സയൻസ് കോളേജുകളെയും 7 ഗവ. എഞ്ചിനീയറിംഗ് |

| | | | |
|---|---|---|---|
| | | | കോളേജുകളെയും 9 ഗവ. പോളി ടെക്നിക് കോളേജുകളെയും കിഫ്ബി മുഖേന 'മികവിന്റെ കേന്ദ്രങ്ങൾ' ആക്കുന്നതിന് **(Centre of Excellence)** നടപടികൾ സ്വീകരിച്ചു വരുന്നു. ടി പദ്ധതികളുടെ നടത്തിപ്പിനായി **KITE** നെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ **(SPV)** ആയി നിശ്ചയിച്ചും ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ